(ബി) ഇപ്പോൾ ഉദ്ദേശമില്ല.

(സി) വിദ്യാഭ്യാസം സൗജന്യമാക്കിയിട്ടുള്ള സ്റ്റാൻഡേർഡുകളിൽ പഠിക്കുന്ന കുട്ടികളിൽനിന്നു് ഫീസു് ഈടാക്കുവാൻ ഉദ്ദേശമില്ല.

ശ്രീ. കെ. എം. ജോർജു് : വിദ്യാഭ്യാസം സൗജന്യമാക്കിയിട്ടുള്ള സ്റ്റാൻഡേർഡുകളിൽ ലക്ഷക്കണക്കിനു രൂപ വരവുള്ള ആളുകളുടെ കുട്ടികളും പഠിക്കുന്നുണ്ടു്. അങ്ങനെയുള്ള ആളുകളിൽനിന്നു് ഫീസു് ഈടാക്കുന്നതിനു് എന്തു ബുദ്ധിമുട്ടാണുള്ളതെന്നു പറയാമോ ?

ശ്രീ. ആർ. ശങ്കർ : അതിനുള്ള തടസ്സം ഈ സഭതന്നെയാണെന്നാണു് എനിക്കു തോന്നുന്നതു്.

ശ്രീ. ജോസഫു് ചാഴിക്കാട്ടു് : ഫീസു കൊടുക്കുവാൻ മനസ്സുള്ളവരിൽനിന്നു് ഫീസു് ഈടാക്കുവാൻ ഒരുത്തരവു കൊടുക്കാമോ ?

ശ്രീ. ആർ. ശങ്കർ : അതു് വളരെയധികം അഴിമതിക്കു് കാരണമാകും എന്നുള്ളതുകൊണ്ടു് സ്വീകരിക്കുവാൻ നിവർത്തിയില്ല.

സ്വർണ്ണപ്പണിക്കാരുടെ സഹകരണ സംഘങ്ങൾ

* 46. [10] ശ്രീ. പി. വിശ്വംഭരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗോൾഡു് കൺട്രോൾ ഓർഡർ ഉൽഭവിതത്തിൽ വന്നശേഷം കേരളത്തിൽ സ്വർണ്ണപ്പണിക്കാരുടെ എത്ര സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനു് അപേക്ഷകൾ ലഭിച്ചിട്ടുണ്ടു് ;

(ബി) അതിൽ എത്ര എണ്ണം രജിസ്റ്റർചെയ്തുകൊടുത്തു ;

(സി) സ്വർണ്ണപ്പണിക്കാരുടെ എത്ര സഹകരണ സംഘങ്ങൾക്കു് ഗവണ്മെൻറു് ഇതിനകം ഗ്രാൻറും വായ്പയും കൊടുത്തിട്ടുണ്ടു് ;

(ഡി) ഈ വകയിൽ ഗവണ്മെൻറു് ആകെ എത്ര തുക ഇതിനകം ചെലവഴിച്ചിട്ടുണ്ടു് ?

വ്യവസായവകുപ്പുമന്ത്രി (ശ്രീ. കെ. എ. ദാമോദരമേനോൻ) :

(എ) 24 അപേക്ഷകൾ ലഭിച്ചിട്ടുണ്ടു്.

(ബി) 15 സൊസൈറ്റികൾ രജിസ്റ്റർ ചെയ്തുകൊടുത്തു. ബാക്കിയുള്ളവ പരിശോധനയിൽ ഇരിക്കുകയാണു്.

(സി) കിട്ടിയിടത്തോളം അപേക്ഷകൾ സ്വീകരിച്ചു. ഗ്രാൻറും, വായ്പയും കൊടുക്കുന്നതിനുള്ള നടപടികൾ എടുത്തുകൊണ്ടിരിക്കുന്നു.

(ഡി) ഇതേവരെ ഒരു സംഘത്തിനും ഗ്രാൻറും, വായ്പയും കൊടുത്തിട്ടില്ല.

ശ്രീ. പി. ബാലചന്ദ്രമേനോൻ : പല സ്റ്റേറ്റുകളിലും സ്വർണ്ണപ്പണിക്കാരുടെ സഹകരണസംഘങ്ങൾക്കു് ഗ്രാൻറും, വായ്പയും കൊടുത്തിട്ടുണ്ടു്. ഇവിടെ ഇതേവരെ അപ്രകാരമൊന്നും കൊടുക്കാതിരിക്കുവാൻ കാരണമെന്താണെന്നു പറയാമോ ? മറ്റു സംസ്ഥാനങ്ങളിൽ സൊസൈറ്റികൾ ഉണ്ടാക്കി അവയ്ക്കു് ഗ്രാൻറും, ലോണും കൊടുത്തതിനുപുറമെ മറ്റു വിധത്തിലുള്ള സഹായങ്ങളും സ്വർണ്ണപ്പണിക്കാർക്കു് ചെയ്തുകൊടുത്തിട്ടുണ്ടു്. അപ്രകാരമുള്ള നടപടികൾ ഇവിടെയും എടുക്കാതിരിക്കുന്നതിനു കാരണമെന്താണു് ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എ. ദാമോദരമേനോൻ: മറ്റു സ്റ്റോറുകളിൽ എത്രമാത്രംഗ്രാൻറും, വായ്പയും കൊടുത്തുതീർന്നുള്ളതിനെപ്പറ്റി എനിക്കറിവില്ല. ഈ ഡിസംബർ മാസത്തിൽ മാത്രമാണു് ഇതേസംബന്ധിച്ചുള്ള ആ ഓർഡർ ഇവിടെ കൊടുത്തതു്. പത്തുലക്ഷത്തോളം ആളുകൾക്കു് വേണ്ട സഹായം ചെയ്യുന്നതിലേക്കുള്ള ഒരു സ്കീമാണു് ഇൻഡ്യാ ഗവണ്മെൻറിൽനിന്നു തന്നിട്ടുള്ളതു്. അതിൽ സഹകരണസംഘങ്ങൾക്കുള്ള ഗ്രാൻറിനും, ലോണിനും പുറമെ മറ്റു സഹായങ്ങൾ നൽകുവാനുള്ള പദ്ധതിയുമുണ്ടു്. പേഴ്സനൽ സെക്യൂരിറ്റിയിന്മേൽ സ്വർണ്ണപ്പണിക്കാർക്കു് ലോൺ കൊടുക്കാനായി 2 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ടു്. ഹാൻറി ക്രാഫ്റ്റു് പരിശീലനത്തിനായി 15,000 രൂപ നീക്കിവച്ചിട്ടുണ്ടു്. തുന്നൽ പരിശീലനത്തിനായി 61,000 രൂപ നീക്കിവച്ചിട്ടുണ്ടു്. 1,50,000 രൂപ ലോൺ കൊടുക്കുന്നതിനു് നീക്കിവച്ചിട്ടുണ്ടു് 18,000 രൂപ ഗ്രാൻറു കൊടുക്കുന്നതിനുവേണ്ടി നീക്കി വച്ചിട്ടുണ്ടു്. പിന്നെ കുടികൾക്കു് സൗജന്യമായി പുസ്തകങ്ങൾ കൊടുക്കുന്നതിനു ഒരു തുകയും നീക്കിവച്ചിട്ടുണ്ടു്.

ശ്രീ. പി. വിശ്വംഭരൻ : ഇങ്ങനെ ലക്ഷക്കണക്കിനു രൂപ സ്വർണ്ണപ്പണിക്കാർക്കു് സഹായം ചെയ്യുന്നതിനുവേണ്ടി നീക്കിവച്ചിട്ടുണ്ടെങ്കിലും അതിൽ എത്ര തുക അവർക്കു കൊടുത്തുവെന്നു പറയാമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : കോവാപ്പറേറീവു് സൊസൈറ്റികൾക്കു് ഗ്രാൻറും ലോണും കൊടുക്കുന്നതിനുള്ള ഓർഡർ പോയതു് ഈ ഡിസംബർ 12-ാം തീയതിമാത്രമാണു്- അതുകൊണ്ടു് ഒരു തുകയും അവർക്കു് കൊടുത്തിട്ടില്ല.

ശ്രീ. കെ. ഹസ്സൻ ഗനി : കോവാപ്പറേറീവു് സൊസൈറ്റികളും അവരുടെ വിഹിതം പിരിച്ചു കണക്കുകളും ശരിയാക്കാത്തതുകൊണ്ടാണു് ഗ്രാൻറും ലോണും കൊടുക്കാത്തതു്. അതുകൊണ്ടു് പേഴ്സനൽ സെക്യൂരിറ്റിയിൽ കൊടുക്കുവാനുള്ള തുക കൊടുക്കേണ്ടാ എന്നു ഡിസ്ട്രിക്റ്റു് ആഫീസർക്കു് നിർദ്ദേശം കൊടുത്തിട്ടുണ്ടോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : വാസ്തവത്തിൽ ഇതിൽ കുറച്ചു മന്ദത വന്നുപോയിട്ടുണ്ടു്. കോവാപ്പറേറീവു് സൊസൈറ്റികളുടെ രൂപീകർണം സംബന്ധിച്ചു അപേക്ഷകൾ കിട്ടിയെങ്കിലും അതുസംബന്ധിച്ചുള്ള ഫൈനൽ ഓർഡർ പോയതു്. ഈ ഡിസംബർ മാസത്തിൽമാത്രമാണു് ഗവണ്മെൻറു് ഓഫ് ഇൻഡ്യയുടെ നിർദ്ദേശം ലഭിച്ചതിനുശേഷം രണ്ടുമൂന്നുമാസം വെറുതെ പോയിട്ടുണ്ടു്.

ശ്രീ. പി. രവീന്ദ്രൻ : സഹകരണസംഘങ്ങളെ സംബന്ധിച്ചുള്ള ഓർഡർ പോയതു് ഡിസംബർ മാസത്തിലാണെന്നു പറഞ്ഞു. സ്വന്തം ജാമ്യത്തിലുള്ള ലോൺ സംബന്ധിച്ച നിർദ്ദേശം കൊടുത്തതെന്നാണെന്നു പറയാമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : എല്ലാം ഒരു ഓർഡറിലാണുള്ളതു്.

ശ്രീ. കെ. കൃഷ്ണപിള്ള : ഈ സ്കീമനുസരിച്ചു് എത്ര ആളുകൾക്കു് പ്രയോജനമുണ്ടായിട്ടുണ്ടെന്നു പറയാമോ ? എത്ര പേർക്കു് തൊഴിൽ കിട്ടിയെന്നും, എത്ര കുടികൾക്കു് പുസ്തകങ്ങൾ കൊടുത്തുവെന്നും പറയാമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : ആ വിവരം ഇപ്പോൾ എൻറെ കയ്യിലില്ല. വേറെ ഒരു ചോദ്യം ചോദിച്ചാൽ ഉത്തരം പറയാം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ഗവണ്മെൻറു് എടുത്തിട്ടുള്ള ഒരു നടപടിയുടെ ഫലമായി തൊഴിലില്ലാതായിത്തീർന്ന ആളുകൾക്കു് സഹായം ചെയ്യുന്നതിനു് പ്രത്യേകമായി തയ്യാറാക്കിയ ഈ സ്കീം നടപ്പിൽവരുത്തുന്നതിനു് പ്രത്യേകം എന്തെങ്കിലും ഒരു ഫർപ്പാടുണ്ടാക്കുവാൻ നടപടിയെടുക്കുമോ ?

ശ്രീ. കെ. എ. ദാമോദരമേനോൻ : വളരെ വേഗത്തിൽത്തന്നെ ഈ സഹായങ്ങൾ അവർക്കു് എത്തിച്ചുകൊടുക്കുവാൻ ആവശ്യമായ നടപടിയെടുക്കാം.

LIBRARY ARCHIVES Kerala Legislative Assembly